**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2293** **13-09-2023 - ൽ മറുപടിയ്ക്ക്**

**ശ്രുതിതരംഗം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രുതിതരംഗം പദ്ധതി പ്രകാരം എത്ര കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ശ്രുതിതരംഗം പദ്ധതിയിലൂടെ 205 കോക്ലിയർ ഇമ്പ്ലാന്റേഷൻ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മുതൽ പ്രസ്തുത പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുന്നു. |
| (ബി) | പ്രസ്തുത ശസ്ത്രക്രിയയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്രയെന്ന് വിശദമാക്കാമോ; | (ബി) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി പദ്ധതി നടത്തിപ്പ് ആരംഭിച്ചതിന് ശേഷം നാളിതുവരെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയുമായി ബന്ധപ്പെട്ട് 52 അപേക്ഷകൾ ആണ് ലഭിച്ചിട്ടുള്ളത്. അവയിൽ അർഹതപ്പെട്ട 44 അപേക്ഷകളിൽ സാങ്കേതിക സമിതി ചികിത്സ അനുമതി നൽകിയിട്ടുണ്ട്. ഇത് കൂടാതെ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (കെ.എസ്.എസ്.എം) പദ്ധതി നടത്തിയിരുന്ന കാലയളവിൽ സർജറി നടത്തിയിട്ടുണ്ടായിരുന്ന 25 കുട്ടികൾക്ക് പ്രോസസ്സർ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് ആവശ്യമായ തുകയായ 59,47,500 രൂപ 23.07.2023 തീയതിയിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കെ.എസ്.എസ്.എം ന് കൈമാറിയിട്ടുണ്ട്. |
| (സി) | കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് ലഭിക്കുന്ന അനുബന്ധ സേവനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | (സി) | കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിപ്പിന് ശേഷം എല്ലാ കുട്ടികൾക്കും 140 ഓഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ സെഷനുകൾ പദ്ധതി മുഖാന്തിരം എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ വഴി സൗജന്യമായി നല്കുന്നു. ഇത് കൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ ധന സഹായത്തോടെ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്തു നല്കുന്നു. അതോടൊപ്പം പ്രോസസ്സർ അപ്ഗ്രഡേഷൻ വാറൻറി കാലയളവിൽ വരുന്നതു സൗജന്യമായും നല്കുന്നു. |

സെക്ഷൻ ഓഫീസർ